പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2863 — 22.06.2012 ൽ മറുപടിയ്ക്ക്

# കുടുംബശ്രീയെ തകർക്കാനുള്ള ശ്രമത്തിന്റെ വിശദാംശങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. എം. ആരിഫ് | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ മേൽനോട്ട ചുമതല നിർവ്വഹിക്കുന്ന മേറ്റുമാരെ കുടംബശ്രീ അയൽക്കൂട്ടങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്നത് നിർത്തലാക്കാൻ കാരണമെന്താണ് ;<br>ബി) സ്ത്രീ ശാക്തീകരണത്തിൽ ലോകത്തിനുതന്നെ മാതൃകയായിട്ടുള്ള കുടുംബശ്രീയെ തകർക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് പുതിയ ഉത്തരവിന്റെ പിന്നിലെന്ന ആക്ഷേപത്തിന് കഴമ്പുണ്ടോ ; | എ) & ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ മേറ്റുമാരെ തെരഞ്ഞെടുക്കുന്നത് വാർഡുതല കോർഡിനേഷൻ കമ്മിറ്റിയാണ്. ഒരു വാർഡിൽ മുൻ വർഷം ഏറ്റവും കൂടുതൽ ദിവസം തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തിയെടുത്ത കുടുംബങ്ങളിലെ അംഗങ്ങളിൽ നിന്ന് 10-ാം ക്ലാസ് വരെ വിദ്യാഭ്യാസമുള്ള വനിതകളെ ആയിരിക്കണം മേറ്റായി തെരഞ്ഞെടുക്കേണ്ടത്. മുൻ വർഷങ്ങളിൽ എ.ഡി.എസിലെ ചില അംഗങ്ങൾ പദ്ധതിയിൽ തൊഴിലാളികളായി പണിയെടുക്കാതെ മേറ്റുമാരുടെ ചുമതല മാത്രം നിർവഹിച്ചു പോരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ പശ്ചാത്തലത്തിലാണ് ഇത്തരം ഒരു മാറ്റം നിർദ്ദേശിക്കപ്പെട്ടത്. |
| സി) പുതിയ ഉത്തരവിലൂടെ പദ്ധതി നടത്തിപ്പിന്റെ സുതാര്യത നഷ്ടപ്പെടുമോയെന്ന് വ്യക്തമാക്കുമോ? | സി) | പഞ്ചായത്ത് വാർഡുതല കോ-ഓർഡിനേഷൻ സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം തെരഞ്ഞെടുക്കുന്ന മേറ്റുമാരുടെ പ്രവർത്തനം പദ്ധതിയുടെ സുതാര്യത വർദ്ധിപ്പിക്കാനാണ് സാധ്യത. |

സെക്ഷൻ ഓഫീസർ